LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഗ്രാമപഞ്ചായത്തുകൾ

227 (1599) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണ്;

(ബി) ഏതൊക്കെ പഞ്ചായത്തുകൾ വിഘടിപ്പിച്ചാണ് പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചു കൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

പുതിയതായി ആരംഭിച്ച പഞ്ചായത്തുകൾ

228 (1600) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര പഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്; ഇവ ഏതൊക്കെയെന്ന് പേരുസഹിതം വിശദമാക്കുമോ ;

(ബി) ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(സി) പുതിയ പഞ്ചായത്തുകൾ വരുന്നതുമൂലം എത്ര കോടി രൂപയുടെ അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

ഉത്തരം

(എ) പുതിയതായി 69 ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ട്. പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇല്ല. 2015 നവംബർ ഒന്നാം തീയതി പ്രാബല്യത്തിൽ വരത്തക്ക വിധമാണ് പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

(സി) കണക്കാക്കിയിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.